"ഭരണഭാഷ- മാതൃഭാഷ"

150 YEARS OF CELEBRATING THE MAHATMA

കേരള സർക്കാർ

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - എൽ.എ.സി -എ.ഡി.എസ് 2013-14 - തിരുവമ്പാടി നിയോജക മണ്ഡലം - ആസ്തി വികസന ഫണ്ട് വിനിയോഗിച്ചുള്ള പ്രവൃത്തി - 'തിരുവമ്പാടി ഗ്രാമപഞ്ചായത്തിന് പുതിയ കെട്ടിട നിർമ്മാണം' -28/01/2020 ലെ ഉത്തരവ് -ഭേദഗതി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയം ഭരണ (ഡി എ) വകുപ്പ്

സ.ഉ.(സാധാ) നം.905/2020/ത.സ്വ.ഭ.വ   തീയതി,തിരുവനന്തപുരം, 18/05/2020

---

പരാമർശം:- 1 ബഹു. ഹൈക്കോടതിയുടെ WP(C) നമ്പർ -2874/2019 ൽ പുറപ്പെടുവിച്ച 23/10/2019ലെ വിധി ന്യായം.

2 സ.ഉ.(സാധാ) നം. 220/2020/തസ്വഭവ തീയതി 28/01/2020.

3 04.02.2020 ലെ തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ ഡിബി4/ 13377/2019/സി.ഇ/തസ്വഭവ നമ്പർ കത്ത്

**ഉത്തരവ്**

തിരുവമ്പാടി നിയോജക മണ്ഡലത്തിൽ ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി 115 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകിയ 'തിരുവമ്പാടി ഗ്രാമപഞ്ചായത്തിന് പുതിയ കെട്ടിട നിർമ്മാണം' (Construction of New Building for Thiruvambady Grama Panchayat) എന്ന പ്രവൃത്തിയ്ക്കായി 2012-16 നിയോജകമണ്ഡല ആസ്തി വികസന ഫണ്ടിന്റെ കാലയളവിൽ ബാക്കിയുള്ള തുകയിൽ നിന്ന് 18.4 ലക്ഷം രൂപയും, 2019-20 സാമ്പത്തിക വർഷത്തിൽ നിന്ന് 15,928 /- രൂപയും ചേർത്ത് ആകെ 18,55,928/- രൂപ (പതിനെട്ട് ലക്ഷത്തി അൻപത്തിയഞ്ചായിരത്തി തൊള്ളായിരത്തി ഇരുപത്തിയെട്ട് രൂപ മാത്രം) അധിക തുകയായി വിനിയോഗിക്കേണ്ടതാണ് എന്ന നിബന്ധനയോടെ ടി പ്രവൃത്തിക്ക് 1,33,55,928/- രൂപ (ഒരു കോടി മുപ്പത്തി മൂന്ന് ലക്ഷത്തി അൻപത്തിഅയ്യായിരത്തി തൊള്ളായിരത്തി ഇരുപത്തി എട്ട് രൂപ) യുടെ എസ്റ്റിമേറ്റിന് പരാമർശം 2 പ്രകാരം പുതുക്കിയ ഭരണാനുമതി നൽകി ബഹു. ഹൈക്കോടതിയുടെ പരാമർശം 1 ലെ വിധി ന്യായം നടപ്പിലാക്കി ഉത്തരവായിരുന്നു.

2. ആസ്തി വികസന പദ്ധതിയുമായി ബന്ധപ്പെട്ട ശീർഷകത്തിൽ 2019-20 സാമ്പത്തിക വർഷത്തിൽ വകയിരുത്തിയിട്ടുള്ള മുഴുവൻ തുകയും വിനിയോഗിച്ചിട്ടുള്ളതാണ് എന്നും ഫണ്ട് ലഭ്യമല്ലെന്നും , ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് കരാറുകാരന് എസ്റ്റിമേറ്റ് തുകയിൽ അധികരിച്ച് വന്ന 18,55,928/- രൂപ നൽകുന്നതാണെന്നും പരാമർശം (3) പ്രകാരം തദ്ദേശസ്വയംഭരണവകുപ്പ് ചീഫ് എൻജിനീയർ അറിയിച്ചിട്ടുണ്ട്.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 2019-20 സാമ്പത്തിക വർഷം അവസാനിച്ചതിനാൽ കോഴിക്കോട് ജില്ലയിലെ തിരുവമ്പാടി നിയോജകമണ്ഡലത്തിൽ ആസ്തി വികസന പദ്ധതിക്ക കീഴിൽ "Construction of new building for Thiruvambadi Grama Panchayath" എന്ന പ്രവൃത്തിയുമായി ബന്ധപെട്ട് കരാറുകാരന് അധികമായി നൽകേണ്ട തുകയായ 18.56 ലക്ഷം രൂപ 2020-21 വർഷത്തിലെ '4515-00-800-96 Project under LAC-ADS-NP-V' എന്ന ശീർഷകത്തിൽ നിന്നും വിനിയോഗിക്കുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

4. പരാമർശം (2) ലെ സർക്കാർ ഉത്തരവ് മേൽ ഭേദഗതിയോടെ നിലനിൽക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**പാറ്റ്സി സ്റ്റീഫന്**
**ജോയിന്റ് സെക്രട്ടറി**

ശ്രീ. ശ്രീ.ജോർജ് എം തോമസ് എം.എൽ.എ.( ആമുഖ കത്ത് സഹിതം )

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.

ജില്ലാ കളക്ടർ, കോഴിക്കോട്

അഡ്വക്കേറ്റ് ജനറൽ(കേരള ), എറണാകുളം.(ഉപരി പത്രം സഹിതം)

ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണവകുപ്പ്, തിരുവനന്തപുരം.

ചീഫ് എഞ്ചിനീയർ, പൊതുമരാമത്ത് വകുപ്പ്(കെട്ടിട വിഭാഗം ) , തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം(ഇതിന് ധനവകുപ്പിന്റെ അംഗീകാരമുണ്ട്)

അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം

ട്രഷറി ഡയറക്ടർ, തിരുവനന്തപുരം

സെക്രട്ടറി, തിരുവമ്പാടി ഗ്രാമ പഞ്ചായത്ത്, കോഴിക്കോട് .

ഫിനാൻസ് വകുപ്പ്(94/എൻ.സി.ബി .2/2014/ധന.തീയതി.03.04.2020)

എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം, തിരുവനന്തപുരം

ഓഫീസ് കോപ്പി/സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം
സെക്ഷൻ ഓഫീസർ